**മധുരമായ കുട്ടികളെ- നിങ്ങള്‍ രുദ്രജ്ഞാനയജ്ഞത്തിലിരിക്കുകയാണ്, രുദ്രനായ ശിവബാബ നിങ്ങളെ എന്താണോ കേള്‍പ്പിക്കുന്നത് അത് കേള്‍ക്കുകയും മറ്റുള്ളവരെ തീര്‍ച്ചയായും കേള്‍പ്പിക്കുകയും വേണം.**

**ചോദ്യം-** ബാബയും യജ്ഞം രചിച്ചിട്ടുണ്ട്, മറ്റു മനുഷ്യരും യജ്ഞം രചിക്കാറുണ്ട്- രണ്ടും തമ്മിലുള്ള മുഖ്യമായ വ്യത്യാസം എന്താണ്?
**ഉത്തരം-**മനുഷ്യന്‍ രുദ്രജ്ഞാനയജ്ഞം രചിക്കുന്നത് ശാന്തിയുണ്ടാകാനാണ് അര്‍ത്ഥം വിനാശമുണ്ടാകാതിരിക്കാന്‍, എന്നാല്‍ ബാബ രുദ്രയജ്ഞം രചിച്ചിരിക്കുന്നത് ഈ യജ്ഞത്തില്‍ നിന്നും വിനാശജ്വാല പുറപ്പെടുന്നതിനും ഭാരതം സ്വര്‍ഗ്ഗമാകുന്നതിനും വേണ്ടിയാണ്. അച്ഛന്റെ ഈ രുദ്രജ്ഞാനയജ്ഞത്തിലൂടെ നിങ്ങള്‍ നരനില്‍ നിന്നും നാരായണന്‍, അര്‍ത്ഥം മനുഷ്യനില്‍ നിന്നും ദേവതയായി മാറുന്നു. ആ യജ്ഞത്തില്‍ നിന്നാണെങ്കില്‍ ഒരു പ്രാപ്തിയും ഉണ്ടാകുന്നില്ല.

**ഗീതം-** അങ്ങയുടെ വിളി കേള്‍ക്കാന്‍ മനസ്സ് ആഗ്രഹിക്കുന്നു.........

**ഓംശാന്തി**. ഇത് എത്ര മധുരിക്കുന്ന ഗീതമാണ് മാത്രമല്ല എത്രത്തോളം അര്‍ത്ഥമുള്ളതാണ്, ആരാണോ വിശാലബുദ്ധികള്‍ അവര്‍ക്ക് നല്ലരീതിയില്‍ മനസ്സിലാക്കാന്‍ കഴിയും. ബുദ്ധിയും നമ്പര്‍വൈസല്ലേ. ഉത്തമം- മദ്ധ്യമം- കനിഷ്ടം എന്നിങ്ങനെ. ഉത്തമമായ ബുദ്ധിയുള്ളവര്‍ക്ക് ഇതിന്റെ അര്‍ത്ഥം നന്നായി മനസ്സിലാക്കാന്‍ സാധിക്കും. അങ്ങയുടെ വിളി കേള്‍ക്കാന്‍ മനസ്സ് ആഗ്രഹിക്കുന്നു, ഇങ്ങനെ ആരാണ് ഓര്‍ക്കുന്നത്? (കുട്ടികള്‍) ഏത് കുട്ടികള്‍? കുട്ടികള്‍ അനേകമുണ്ട്. ആരാണോ ബ്രാഹ്മണനായത്, ആരാണോ ദേവതയായിരുന്നത്, അവര്‍ തന്നെയാണ് പൂര്‍ണ്ണമായും 84 ജന്മങ്ങള്‍ എടുത്തതും കൂടുതല്‍ വിളിച്ചതും. അവര്‍ തന്നെയാണ് ശിവന്‍ അഥവാ സോമനാഥന്റെ ക്ഷേത്ര സ്ഥാപന ചെയ്യുന്നത്. പൂജ്യദേവീദേവതയായിരുന്ന നമ്മള്‍ ഇപ്പോള്‍ പൂജാരിയായി മാറി എന്ന് സിദ്ധമാകുന്നു. നമ്മള്‍ ആദ്യം പൂജ്യരായിരുന്നു പിന്നീട് പൂജാരിയായി മാറി, അപ്പോള്‍ മുതല്‍ സോമനാഥനായ ശിവന്റെ പൂജചെയ്യുന്നു. രുദ്രയജ്ഞങ്ങള്‍ ഒരുപാട് രചിക്കാറുണ്ട്, എന്നാല്‍ രുദ്രജ്ഞാനയജ്ഞം ഒരിയ്ക്കലും രചിച്ചിട്ടില്ല. രുദ്രയജ്ഞം എന്ന് പേര് വെയ്ക്കാറുണ്ട്. ഇപ്പോഴും രുദ്രയജ്ഞങ്ങള്‍ രചിക്കുന്നുണ്ട്. രുദ്രന്‍ ആരാണ്? എന്നത് നിങ്ങള്‍ക്ക് നല്ലരീതിയില്‍ മനസ്സിലാക്കിക്കൊടുക്കാന്‍ സാധിക്കും. എന്താ രുദ്രന്‍ എപ്പോഴെങ്കിലും യജ്ഞം രചിച്ചിട്ടുണ്ടോ? എങ്ങനെയാണ് രചിച്ചത് പിന്നീട് അതില്‍ നിന്ന് എന്താണ് സിദ്ധമായത്? ഇത് ആര്‍ക്കും അറിയില്ല. നിങ്ങള്‍ക്ക് ഇപ്പോള്‍ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. പരമപിതാ പരമാത്മാവിനാല്ലാതെ മറ്റാര്‍ക്കും ജ്ഞാനത്തിന്റെ മൂന്നാം നേത്രം നല്‍കാന്‍ സാധിക്കില്ല. ജ്ഞാനസാഗരനെന്ന് പരമപിതാ പരമാത്മാവിനെയാണ് പാടിയിട്ടുള്ളത്. മനുഷ്യനെ ജ്ഞാനസാഗരന്‍ എന്ന് പറയാന്‍ പറ്റില്ല. ഇപ്പോള്‍ നിങ്ങള്‍ക്കറിയാം നമുക്ക് മുത്തച്ഛനില്‍ നിന്ന് സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ബാബാ, വന്ന് അവിനാശീ ജ്ഞാനരത്നങ്ങളുടെ ദാനം നല്‍കൂ എന്ന് ഇവരെത്തന്നെയാണ് ഓര്‍മ്മിച്ചിരുന്നതും. പിന്നീട് ഞങ്ങളും ആ ദാനം സ്വീകരിച്ച് മറ്റുള്ളവര്‍ക്കും നല്‍കും. വളരെ സഹജമാണ്. കേവലം ഓര്‍മ്മയുണര്‍ത്തുകയേ വേണ്ടൂ നിങ്ങള്‍ക്ക് രണ്ട് അച്ഛന്മാരുണ്ടെന്ന്. ഭക്തിമാര്‍ത്തില്‍ തന്നെ രണ്ട് അച്ഛന്മാരുണ്ട്. സത്യത്രേതായുഗങ്ങളില്‍ ലൗകിക പിതാവ് മാത്രമേയുള്ളു. അവിടെ ലഭിക്കുന്ന സമ്പത്തും നിങ്ങള്‍ ഇവിടെ ചെയ്യുന്ന പുരുഷാര്‍ത്ഥത്തിലൂടെ നേടിയതാണ്. അതിനാല്‍ കുട്ടികളുടെ ബുദ്ധി ശരിയാകണം. വിവിധ സ്ഥലങ്ങളില്‍ ചെന്ന് ചോദിക്കണം രുദ്രയജ്ഞം ആരാണ് രചിച്ചത്? രുദ്രജ്ഞാനയജ്ഞമാണോ അതോ വെറും രുദ്രയജ്ഞമാണോ? ശരിയായപേര് രുദ്രജ്ഞാനയജ്ഞം എന്നതാണ്. രുദ്രന്‍ എന്നത് നിരാകാരനാണ്. നിരാകാരന് എങ്ങനെ യജ്ഞം രചിക്കാന്‍ കഴിയും? തീര്‍ച്ചയായും ശരീരം ധാരണ ചെയ്യേണ്ടതായി വരും. ദക്ഷപ്രജാപതിയുടെ യജ്ഞത്തെയും ആചരിക്കാറുണ്ട്. ദക്ഷപ്രജാപതി യജ്ഞത്തില്‍ അശ്വത്തെ സ്വാഹാ ചെയ്യുന്നതായി കാണിക്കുന്നു. അശ്വത്തെ കഷ്ണങ്ങളാക്കി കത്തിക്കുന്നു. അതിനെ ദക്ഷപ്രജാപതി യജ്ഞം എന്ന് പറയുന്നു. നിങ്ങള്‍ക്ക് ഇതെല്ലാം അറിയുന്നതിനാല്‍ നിങ്ങള്‍ അവിടെ എഴുതണം ഇത് എന്ത് യജ്ഞമാണ്? വളരെ ആഢംബരമായി യജ്ഞങ്ങള്‍ രചിക്കുന്നു. വളരെ അധികം ധനം സംഭരിക്കുന്നു. വലിയ വലിയ ആളുകള്‍ ദാനം ചെയ്യുന്നു. ചിലര്‍ 100 കൊടുക്കുന്നു ചിലരാണെങ്കില്‍ 500. ഈ രുദ്രജ്ഞാനയജ്ഞത്തിലാണെങ്കില്‍ നിങ്ങളെല്ലാവരും പൂര്‍ണ്ണമായും സമര്‍പ്പണമാകുന്നു. അതിലാണെങ്കില്‍ കുറച്ച് കുറച്ചായി പണം ശേഖരിച്ച് ഒരുമിപ്പിക്കുന്നു പിന്നീട് ബ്രാഹ്മണന് ദക്ഷിണ ലഭിക്കുന്നു. ഇവിടെയാണെങ്കില്‍ നിങ്ങള്‍ക്ക് സമര്‍പ്പണമാകേണ്ടിവരുന്നു. അവിടെ സമര്‍പ്പണത്തിന്റെ കാര്യമില്ല. ഇവിടെ കുട്ടികള്‍ പറയുന്നു ബാബാ ശരീരം- മനസ്സ്- ധനം സഹിതം ഞാന്‍ വരുകയാണ്, അവിടെ ഇങ്ങനെ പറയില്ല. ഇങ്ങനെയൊരു ആഹൂതി

ഒരിയ്ക്കലും ചെയ്യില്ല. ആരതി മുതലായവ ഉണ്ടാകും, ദക്ഷിണ വാങ്ങും, വലിയ വലിയ ആളുകളിൽ നിന്നാണ് സ്വീകരിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ രുദ്രജ്ഞാനയജ്ഞത്തിൽ നിന്നുതന്നെയാണ് വിനാശജ്വാല പ്രജ്ജ്വലിതമായിരിക്കുന്നത്. അവർ യജ്ഞം രചിക്കുന്നത് ശാന്തിയ്ക്കുവേണ്ടിയാണ് വിനാശത്തിനായല്ല. അവിടെ ശാന്തിയ്ക്കായി ശബ്ദമുയർത്തുന്നു. ശാന്തി മുഴുവൻ ലോകത്തിനും വേണമല്ലോ. പരമാത്മാവാണ് ശാന്തിസാഗരൻ. നിങ്ങൾ കുട്ടികൾക്ക് അർത്ഥം മനസ്സിലാക്കിത്തരുകയാണ്. പത്രങ്ങൾ വായിക്കുമ്പോഴും ചിന്തയുണ്ടാകണം– എങ്ങനെ നമ്മൾ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കും?

അച്ഛനറിയാം എങ്ങനെയാണ് ബി.കെ തന്റെ കട നടത്തുന്നതെന്ന്. സേട്ടിന്റെ ഏത് കടയാണ് നന്നായി നടക്കുന്നത്, ഏത് മാനേജരാണ് സമർത്ഥൻ, അത് ശർക്കരക്കുമറിയാം ശർക്കരച്ചാക്കിനുമറിയാം. ഈ ബ്രഹ്മാവാണ് ചാക്ക്. ഇത് വളരെ രമണീയമായ കാര്യങ്ങളാണ്. വിനാശജ്വാല പ്രജ്ജ്വലിതമാകുമെന്ന് രുദ്രജ്ഞാനയജ്ഞത്തെക്കുറിച്ചാണ് എഴുതിയിട്ടുള്ളത്. ലോകർ യജ്ഞം നടത്തുന്നത് ശാന്തിക്കുവേണ്ടിയാണ്. ഇതാണ് സത്യം സത്യമായ യജ്ഞം. ലോകത്തുള്ള ബ്രാഹ്മണർക്കാണെങ്കിൽ അനേകം ആശ്രയദാതാക്കളുണ്ടാകും. നിങ്ങൾ ബ്രാഹ്മണർക്ക് ഒരു ആശ്രയദാതാവേയുള്ളു. അച്ഛനാണ് രുദ്രൻ. രുദ്രനായ ബാബയെന്നു പറഞ്ഞാലും, ശിവനെന്നു പറഞ്ഞാലും, സോമനാഥനെന്നു പറഞ്ഞാലും ശരി ആ ബാബ ജ്ഞാനയജ്ഞം രചിച്ചിരിക്കുകയാണ്, അതിലാണ് നിങ്ങൾ ഇരിക്കുന്നത്. ആ യജ്ഞങ്ങളാണെങ്കിൽ 2–4 ദിവസങ്ങൾ നടക്കുന്നു. നിങ്ങളുടെ ഈ രുദ്രജ്ഞാനയജ്ഞമാണെങ്കിൽ വളരെ വലുതാണ്. ഇതിൽ സമയമെടുക്കും. ഇത് നരനിൽ നിന്നും നാരായണൻ അഥവാ മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനുള്ള യജ്ഞമാണ്. അവർക്ക് ഇങ്ങനെ പറയാൻ കഴിയില്ല. എങ്ങനെ അവരെ ജാഗരൂകരാക്കാമെന്ന് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. മുതിർന്നവരോട് പറയൂ– നിങ്ങൾ രചിച്ച ഈ യജ്ഞത്തിൽ തെറ്റുണ്ട്. പരമപിതാ പരമാത്മാവ് കല്പകല്പം സംഗമയുഗത്തിലാണ് വരുന്നത്. ശാസ്ത്രങ്ങളിൽ അതിനെ യുഗേ യുഗേ എന്നാണ് എഴുതിയിരിക്കുന്നത്. ഈ തെറ്റാണ് ചെയ്തിരിക്കുന്നത്. അതുപോലെ തന്നെയാണ് രുദ്രയജ്ഞം രചിക്കുന്നതും. വാസ്തവത്തിൽ രുദ്രജ്ഞാനയജ്ഞമാണ്. ശിവന്റെ പേരാണ് രുദ്രൻ എന്നത്, അവരാണ് ജ്ഞാനയജ്ഞം രചിക്കുന്നത്. എങ്ങനെയാണോ ഇബ്രാഹിം ഇസ്ലാം ധർമ്മത്തിന്റെ സ്ഥാപന ചെയ്തത്, ബുദ്ധൻ ബൗദ്ധ ധർമ്മത്തിന്റെ സ്ഥാപന ചെയ്തത് അതുപോലെ രുദ്രന്റേതാണ് ജ്ഞാനയജ്ഞം. അതിൽ നിന്നാണ് വിനാശത്തിന്റെ ജ്വാല പ്രജ്ജ്വലിതമാവുക. എന്നാൽ ജനങ്ങളാണെങ്കിൽ ശാന്തിക്കുവേണ്ടി യജ്ഞം രചിക്കുന്നു അർത്ഥം അവർ വിനാശം ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗത്തിന്റെ സ്ഥാപനയ്ക്കായി നരകത്തിന്റെ വിനാശമുണ്ടാവുക എന്നത് നല്ലതല്ലേ.

ഭാരതമാണ് അവിനാശീ ഖണ്ഡം. അതിനാൽ തീർച്ചയായും ഭാരതത്തിലെ മനുഷ്യസമ്പ്രദായങ്ങളായിരിക്കണം ഏറ്റവും കൂടുതൽ. ആദിസനാദന ദേവീദേവതാ ധർമ്മമുണ്ടായിരുന്നു. അവർ മുഴുവൻ കല്പത്തിലും ഉണ്ടാകും. ശാസ്ത്രങ്ങളിൽ 33 കോടി എന്ന് എഴുതിയിട്ടുണ്ട്. തീർച്ചയായും മറ്റു ധർമ്മങ്ങളേക്കാൾ ജനസംഖ്യ ദേവീദേവതാ ധർമ്മത്തിലായിരിക്കും കൂടുതൽ പക്ഷേ അവർ പരിവർത്തനപ്പെട്ടുപോയിരിക്കുന്നു– ഇത് മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യമാണ്. അനേകം പേർ ചെന്ന് ബൗദ്ധിയും ക്രിസ്ത്യനും മുസൽമാനുമായി മാറി, അതിനാലാണ് സംഖ്യ കുറഞ്ഞുപോയത്. ഇതും ഡ്രാമയാണ്. ഇത് മനസ്സിലാക്കാൻ വളരെ വിശാലമായ ബുദ്ധി വേണം. ഏതുവരെ ജ്ഞാനം ബുദ്ധിയിൽ ഇരിക്കുന്നില്ലയോ അതുവരെ കേവലം സമർപ്പണമായിട്ട് എന്തുകാര്യം? അനേകംപേർ സമർപ്പണമാകുന്നുണ്ട് എന്നാൽ ആരാണോ നല്ലരീതിയിൽ ധാരണ ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്നത്, പ്രജകളെ ഉണ്ടാക്കുന്നത് അവർക്കാണ് നല്ലപദവി നേടാൻ കഴിയുക.

വിളികേൾക്കാൻ മനസ്സ് ആഗ്രഹിക്കുന്നു............ ഈ ഗീതം വളരെ കൃത്യമാണ്. ഏറ്റവും ആദ്യം 84 ജന്മങ്ങൾ ആരായിരിക്കും എടുത്തിട്ടുണ്ടാവുക? ആരാണോ ആദ്യമാദ്യം ഉണ്ടായിരുന്നത് അവരായിരുന്നു ദേവീദേവതകൾ. അവർ ഭാരതത്തിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാവരും എവിടെയെല്ലാമോ കൺവേർട്ടായി പോയി. ചിലരാണെങ്കിൽ ഭാരതത്തിന് പുറത്തേയ്ക്കുതന്നെ പോയിരിക്കുന്നു. വാസ്തവത്തിൽ ഭാരതത്തേക്കാൾ വലുതിലും വലിയ തീർത്ഥസ്ഥാനം മറ്റൊന്നില്ല. ബാക്കി ഏതെല്ലാം ധർമ്മസ്ഥാപകരുണ്ടോ അവരെപ്പോലും പാവനമാക്കുന്നതിനായി ഭഗവാന് ഭാരതത്തിൽ തന്നെ വരേണ്ടിവരുന്നു എന്തുകൊണ്ടെന്നാൽ എല്ലാവരും പതിതമാണ്, എല്ലാവരേയും പാവനമാക്കി മാറ്റുന്നത് ഒരേഒരാളാണ്. ഇത് നിങ്ങൾക്ക് അറിയാം. നിങ്ങളിലും നമ്പർ വൈസായാണ് കാര്യങ്ങൾ അറിയുന്നത്. നിങ്ങൾ പറയും ഞങ്ങൾ രുദ്രജ്ഞാനയജ്ഞത്തിലാണിരിക്കുന്നത്, ഇത്രയും സമയം ഇരിക്കേണ്ടിവരുന്ന യജ്ഞങ്ങൾ ഉണ്ടാകുമോ? എന്താ ഇരിക്കാൻ കഴിയുമോ? രുദ്രൻ എന്ത് ജ്ഞാനമാണോ കേൾപ്പിക്കുന്നത് അത് കേട്ടുകൊണ്ടേയിരിക്കുന്നു. ഏതുവരെ രുദ്രനായ ബാബ ഈ ശരീരത്തിലുണ്ടോ അതുവരെ കേൾപ്പിച്ചു

കൊണ്ടേയിരിക്കും. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും ഇവിടെയല്ലേ ഉണ്ടാവുക. ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രി എന്ന് പാടിയിട്ടുണ്ട്. സൂക്ഷ്മവതനവാസിയായ ബ്രഹ്മാവിന് രാത്രിയും പകലും ഉണ്ടാവുമോ. അത് സൂക്ഷ്മവതനവാസിയായ ദേവതയാണ്. രാത്രിയുടേയും പകലിന്റേയും കാര്യം ഇവിടെയാണുള്ളത്. ബ്രഹ്മാവിന്റെ രാത്രി അർത്ഥം പതിതം. പിന്നീട് അവർ തന്നെ പാവനമാകുമ്പോൾ പകൽ ആവുന്നു. ബ്രഹ്മാവിനേയും പാവനമാക്കി മാറ്റുന്നത് ആ ഒരു സദ്ഗുരുവാണ്. സത്യമായ ബാബ, സത്യമായ ടീച്ചർ, സത്യമായ ഗുരു മൂന്നുപേരും ഒരുമിച്ചാണ്. ആദ്യം അച്ഛന്റെ കുട്ടികളായി മാറും പിന്നീട് ടീച്ചറിൽ നിന്നും പദവി നേടുന്നു. നമ്പർവൈസല്ലേ. ഇതും ബുദ്ധിയിൽ ഇരിക്കുകയാണെങ്കിൽ എത്ര സന്തോഷമുണ്ടാകും. നിങ്ങൾ ആദ്യം പരിധിയില്ലാത്ത അച്ഛന്റേതായിരുന്നില്ലേ. ഇവിടേയ്ക്ക് വന്നത് പാർട്ട് അഭിനയിക്കാനാണ്. ഭക്തിമാർഗ്ഗത്തിൽ പരിധിയില്ലാത്ത അച്ഛനെ ഓർമ്മിച്ചുവന്നു എന്തുകൊണ്ടെന്നാൽ ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. തീർച്ചയായും സ്വർഗ്ഗത്തിന്റെ രാജ്യപദവി നൽകുന്ന ആളായിരിക്കും. ഇത് മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. വിവേകമുള്ളവർക്കേ മനസ്സിലാക്കിക്കൊടുക്കാൻ കഴിയൂ. വാസ്തവത്തിൽ നിങ്ങൾ ബ്രാഹ്മണരാണ് വിവേകശാലികൾ. നിങ്ങളിലുള്ള ബുദ്ധി, അതും നമ്പർവൈസാണ്. ലോകത്തിലും ബുദ്ധിയുടെ കാര്യത്തിൽ നമ്പർവൈസ് ആണല്ലോ. ഇവിടെ ആരാണോ വിവേകശാലിയായി മാറുന്നത് അവർ തീർച്ചയായും  ഉയർന്ന നമ്പർ നേടും. എല്ലാവരും തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എത്രത്തോളം വിവേകശാലിയായി മാറി? എങ്ങനെയാണോ ബാബ മുരളി എടുക്കുന്നത് അതുപോലെ അവിടെ നിങ്ങൾക്കും മുരളി എടുക്കാൻ സാധിക്കും. നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം രുദ്രയജ്ഞവും രുദ്രജ്ഞാനയജ്ഞവും തമ്മിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ടെന്ന്.  രുദ്രജ്ഞാനയജ്ഞം രചിച്ചാൽ അതിൽ നിന്നും വിനാശജ്വാല പ്രജ്ജ്വലിതമാകും, ഭാരതം സ്വർഗ്ഗമായിത്തീരും. ബാക്കി ലോകർ യജ്ഞം രചിക്കുന്നത് വിനാശം ഉണ്ടാകാതിരിക്കുന്നതിനാണ് അർത്ഥം സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകാതിരിക്കാൻ. ഇത് തലതിരിഞ്ഞ കാര്യമായി. അപ്പോഴാണ് ബാബ പറയുന്നത് ഞാൻ സർവ്വരുടേയും ഉദ്ധാരണം ചെയ്യുന്നതിനായാണ് വരുന്നത്. രുദ്രജ്ഞാനയജ്ഞം രചിക്കുന്നു. അതിനാൽ നിങ്ങൾ പ്രതിജ്ഞ ചെയ്യുന്നു– ബാബാ, ഞങ്ങൾ അങ്ങയിൽ നിന്ന് കേട്ട് അത് മറ്റുള്ളവരേയും കേൾപ്പിക്കും. നല്ലത്, മറ്റുള്ളവരേയും  കേൾപ്പിക്കൂ. ആദ്യം ഇവിടെ ഉരുവിടൂ. മിനിറ്റിന് മിനിറ്റിന് ആവർത്തിക്കുഎങ്കിൽ എവിടെവേണമെങ്കിലും പോയി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഫസ്റ്റ് ക്ലാസായ പോയിന്റ്സാണ്. ആ യജ്ഞത്തിലാണെങ്കിൽ നെയ്യും എള്ളുമൊക്കെ അർപ്പിക്കുന്നു, എന്റെ രുദ്രജ്ഞാനയജ്ഞത്തിലാണെങ്കിൽ മുഴുവൻ പഴയലോകത്തിലെ സാമഗ്രികളും സ്വാഹാ ആയിരുന്നു. എന്നാലും ഈ കാര്യങ്ങളെല്ലാം ആരുടെ ബുദ്ധിയിലും നല്ലരീതിയിൽ ധാരണയാകുന്നില്ല. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ ബുദ്ധിയുടെ പൂട്ട് തുറക്കില്ല. ബാബ പറയുന്നു– ഞാൻ എന്തുചെയ്യാനാണ്? ഈ സമയം എല്ലാവരുടേയും ബുദ്ധി പതിതമാണ്, അതിനെ പാവനമാക്കി മാറ്റുന്നു. ആരാണോ എന്നെ ഓർമ്മിക്കാത്തത് അവരുടെ ഉള്ളിൽ ധാരണയുണ്ടാകില്ല. ബുദ്ധിയുടെ പൂട്ട് എങ്ങനെ തുറക്കും? ഓർമ്മയിലൂടെയാണ് തുറക്കുക. അതിസ്നേഹിയായ ബാബയാണ്, ബാബയുടെ മഹിമ വളരെ അധികം ചെയ്യുന്നു. ശിവബാബയ്ക്ക് എത്ര മഹിമയാണ്! ശിവന്റെ പൂജ ചെയ്യുന്നുവെങ്കിൽ തീർച്ചയായും വന്നിട്ടുണ്ടാകുമല്ലോ. കർമ്മേന്ദ്രിയങ്ങളില്ലാതെ വന്നിട്ട് എന്ത് ചെയ്യാനാണ്? അതിനാൽ ഇപ്പോൾ ബ്രഹ്മാബാബയിൽ വന്നിരിക്കുകയാണ്. നിങ്ങൾ കുട്ടികൾ ബാപ്ദാദയുടെ മുന്നിൽ ഇരിക്കുകയാണ് എന്നാൽ ദേഹാഭിമാനം കാരണത്താൽ ഇത്രയും സ്നേഹവും  ബഹുമാനവും ബാബയോട് കാണിക്കുന്നില്ല. വളരെ ബുദ്ധിമുട്ടിയാണ് നിർദ്ദേശാനുസരണം നടക്കുന്നത്. അഹങ്കാരത്തിലേയ്ക്ക് വരുന്നു. അച്ഛൻ പറയുന്നു– ഞാൻ നിരഹങ്കാരിയാണ്, നിങ്ങൾക്ക് ഇത്രയും അഹങ്കാരം എന്തുകൊണ്ടാണ് വരുന്നത്? ഞാൻ തന്നെയാണ് സമർത്ഥൻ എന്ന് ചിന്തിക്കുന്നു. ഇത്രയും ദേഹാഭിമാനം വരുന്നു.

അഥവാ ആരുടേയെങ്കിലും പതി മരിക്കുകയാണെങ്കിൽ അവരുടെ ദേഹം നശിക്കുന്നു. ബാക്കി ആത്മാവ് പുറത്തേയ്ക്ക് പോകുന്നു പിന്നീട് ആത്മാവിനെ ബ്രാഹ്മണനിലേയ്ക്ക് വിളിക്കുന്നു. ദേഹത്തെയല്ല വിളിക്കുന്നത്. ഭാവന വെയ്ക്കുമ്പോൾ ആ ഭാവനയുടെ ഫലം ലഭിക്കുന്നു. പതിയെത്തന്നെ ഓർമ്മിച്ചിരിക്കുകയാണെങ്കിൽ പതിയുടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ബാബ സാക്ഷാത്ക്കാരം ചെയ്യിക്കാറുണ്ടല്ലോ. ഇങ്ങനെ സ്നേഹമുള്ളവർ വളരെയാണ്. വരുന്നത് ആത്മാവായിരിക്കില്ലേ. ആർക്കെങ്കിലും പത്നിയോട് സ്നേഹമുണ്ടെങ്കിൽ  ആ ഭാവനയ്ക്ക് ഫലം ലഭിക്കുന്നു. പത്നിയെ കണ്ടുകൊണ്ടേയിരിക്കും. സാധനങ്ങൾ കൊണ്ടുവന്ന് സ്വയം അണിയിച്ചുകൊടുക്കും. ഇങ്ങനെ വളരെ കാര്യങ്ങൾ നടന്നു വരുന്നു. മുമ്പ് വളരെ വിധിയോടെ കഴിപ്പിക്കുമായിരുന്നു. എങ്ങനെയാണോ ഗണപതി അഥവാ നാനാക്കിനെ ഓർമ്മിക്കുമ്പോൾ സാക്ഷാത്ക്കാരമുണ്ടാകുന്നത്, ഇങ്ങനെ വളരെ പേർക്ക് ലഭിക്കാറുണ്ട്. പക്ഷേ ഇതിന്റെ ചാവി ബാബയുടെ കൈയ്യിൽ മാത്രമാണുള്ളത്. ബാബ പറയുന്നു ഈ സാക്ഷാത്ക്കാരങ്ങളുടെ കാര്യവും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. സാക്ഷാത്ക്കാരം ചെയ്യിച്ചു, ഡ്രാമ നടക്കുന്നു, ഒരിയ്ക്കലും നിൽക്കു

ന്നില്ല. ഡ്രാമയേയും നല്ലരീതിയിൽ മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ ബാബയ്ക്ക് നല്ലരീതിയിൽ ബഹുമാനം നൽകൂ. ബാബ നിരാകാരനായതിനാൽ ബാബയോട് അതിയായ സ്നേഹവും ബഹുമാനവും വെയ്ക്കുന്നത് ബുദ്ധിമുട്ടാണെന്ന് ചിന്തിക്കുന്നു. പറയും ഇത് ബാബയുടെ രഥമാണ്, രഥത്തെ എന്തുചെയ്യാനാണ്? ഞങ്ങൾ നിരാകാരനെത്തന്നെ ഓർമ്മിക്കും. നല്ലത്, എങ്കിൽ നിരാകാരന്റെ മടിയിൽ ഇരുന്ന് കാണിക്കൂ? നിരാകാരനൊപ്പം കഴിക്കൂ, കുടിക്കൂ. നിങ്ങൾ ബ്രഹ്മാബാബയുടെ അടുത്തേയ്ക്ക് എന്തിനാണ് വരുന്നത്? പറയുന്നു– ഇല്ല ബാബാ, അങ്ങ് ഇവരിലല്ലേ, അങ്ങ് ഇതിൽ ഇരിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയാണ് നടക്കുന്നത്. ഇത് ആരുടെയെങ്കിലും ബുദ്ധിയിൽ ഇരിക്കുന്നത് വളരെ കുറവാണ്. ഇങ്ങനെ വളരെപേർ വാചകമടിക്കുന്നവരുണ്ട്, ഞങ്ങൾക്ക് ബാബയോട് വളരെ സ്നേഹമാണ്, ഞങ്ങൾ ഇത്രമണിക്കൂർ ബാബയെ ഓർമ്മിക്കുന്നുണ്ട്. ബ്രഹ്മാബാബ പറയുന്നു ഞാൻ പോലും പൂർണ്ണമായി ഓർമ്മിക്കുന്നില്ല. ഞാനാണെങ്കിൽ ഒരേഒരു കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടിയാണ് എന്നിട്ടും ഞാൻ വളരെ അധികം പുരുഷാർത്ഥം ചെയ്യുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. സമർപ്പണമാകുന്നതിനോടൊപ്പം തന്നെ തന്റെ ബുദ്ധിയെ വിശാലവുമാക്കണം. ഉയർന്ന പദവി നേടുന്നതിനുവേണ്ടി നല്ലരീതിയിൽ ധാരണ ചെയ്യുകയും ചെയ്യിക്കുകയും വേണം.

2. ബാബയ്ക്കു സമാനം നിരഹങ്കാരിയായി മാറണം. അഹങ്കാരത്തെ ഉപേക്ഷിച്ച് ബാബയോട് അതിയായ സ്നേഹവും ബഹുമാനവും വെയ്ക്കണം. ദേഹാഭിമാനത്തിൽ വരരുത്.

## വരദാനം – യജമാനനായി കർമ്മേന്ദ്രിയങ്ങളേക്കൊണ്ട് കർമ്മങ്ങൾ ചെയ്യിപ്പിക്കുന്ന കർമ്മയോഗിയും കർമ്മബന്ധരമുക്തരുമായി ഭവിക്കട്ടെ.

ബ്രാഹ്മണജീവിതം കർമ്മബന്ധന ജീവിതമല്ല കർമ്മയോഗീ ജീവിതമാണ്. കർമ്മേന്ദ്രിയങ്ങളുടെ യജമാനനായി, എന്താഗ്രഹിക്കുന്നോ, എങ്ങനെ ആഗ്രഹിക്കുന്നോ, എത്ര സമയം കർമ്മം ചെയ്യാൻ ആഗ്രഹിക്കുന്നോ അതേ പോലെ കർമ്മം ചെയ്യിപ്പിക്കൂ, എങ്കിൽ ബ്രാഹ്മണനിൽ നിന്നും മാലാഖയായി തീരും. കർമ്മ ബന്ധനങ്ങൾ സമാപ്തമാകും. ഈ ദേഹം സേവനത്തിനായി ലഭിച്ചതാണ്. കർമ്മബന്ധന കണക്കുകളുള്ള ജീവിതം സമാപ്തമായി. പഴയ ദേഹവും, ദേഹത്തിന്റെ ലോകവുമായുള്ള സംബന്ധവും സമാപ്തമായി, അതിനാൽ ഇതിനെ മർജീവാ ജീവിതം എന്ന് പറയുന്നു .

## സ്ലോഗൻ – ദിലാരാമൻ കൂടെ ഉണ്ടെന്ന് അനുഭവം ചെയ്യണമെങ്കിൽ സാക്ഷീസ്ഥിതിയിൽ ഇരിക്കൂ .